# പെണ്ണെഴുത്ത് – ഒരു ഹ്രസ്വവീക്ഷണം

സരോജ വർഗ്ഗീസ്, ന്യൂയോർക്ക്

(ചിക്കാഗോയിൽ വച്ച് ലാന സംഘടിപ്പിച്ച ചർച്ചയിൽ അവതരിപ്പിച്ചത് Nov.29-30, 2013)



കുട്ടികളും കുടുംബവും എന്ന ലോകത്തിലേക്ക് ചുരുങ്ങിപോയ ആദ്യകാല വനിതകൾ എന്തായിരിക്കും എഴുതിയിരിക്കുക.? അടുക്കള ജോലിക്കും കുട്ടികളെ പരിപാലിക്കുന്നതിനുമിടയിൽ അവർക്ക് സ്വന്തമായി സമയം കിട്ടികാണുമോ? ആരും ശല്യം ചെയ്യാതെ ഒരിടത്തിരുന്ന് ഭാവനയുടെ ലോകത്തിലൂടെ അവർക്ക് സഞ്ചരിക്കാൻ കഴിയുമായിരുന്നൊ? കൂടാതെ സ്ത്രീക്ക് മുകളിൽ തൂങ്ങി നിൽക്കുന്ന പരകോടി അരുതായ്മകൾ അവൾക്ക് സ്വന്തമായി ഒരു അഭിപ്രായം പ്രക്ടിപ്പിക്കാനോ, ഏതെങ്കിലും ആശയത്തിൽ ഉറച്ച് നിൽക്കാനോ അനുവദിക്കുമായിരുന്നോ?. എന്റെ വീക്ഷണത്തിൽ സ്ത്രീക്ക് കുറച്ചെങ്കിലും സ്വാതന്ത്ര്യം ലഭിച്ച് തുടങ്ങിയിപ്പോഴായിരിക്കും അവൾ എഴുതാൻ തുടങ്ങിയത്. അതിനു മുമ്പ് പെൺകുട്ടികൾ ദിവസേന ഡയറി എഴുതിയും കൊച്ച് കൊച്ച് കവിതകൾ അല്ലെങ്കിൽ വായ്പ്പാട്ടുകൾ രചിച്ചും അവരുടെ സർഗ്ഗ പ്രതിഭയെ ആസ്വദിച്ച്കാണും. ആരും കാണാതെ ഡയറിക്കുറിപ്പുകൾ എഴുതുന്ന ശീലം പെൺകുട്ടികളിൽ ഉണ്ടായിരുന്നു. പശ്ചാത്തലോകത്ത് നിന്നും അങ്ങനെയുള്ള ഡയറിക്കുറിപ്പുകൾ നല്ല സാഹിത്യമൂല്യമുള്ള രചനകളായി കണ്ടെത്തി പ്രസിദ്ധീകരിച്ചത് നമ്മൾ വായിച്ചിട്ടുണ്ട്. പേരക്കുട്ടികൾക്ക് വേണ്ടി മുത്തശ്ശിമാർ പറഞ്ഞിരുന്ന കഥകൾ ഒരു പക്ഷെ അവർ പൂർവികരിൽ നിന്നും കേട്ട് പഠിച്ചതോ കേട്ട കഥകൾക്ക് ഒരു പുതിയ മാനം നൽകി കുട്ടികളെ കൂടുതൽ സന്തോഷവാന്മാരാക്കൻ പുതിയതായി ഉണ്ടാക്കിയതോ ആയിരിക്കാം. മുത്തശ്ശി കഥകൾ ഏതായാലും പുരുഷന്മാർ പറഞ്ഞതാണെന്ന് ആരും പറയുകയില്ലല്ലോ. ഇതിൽ നിന്നെല്ലാം സ്ത്രീക്കും പുരുഷനെപോലെ എഴുതാനുള്ള കഴിവുണ്ടായിരുന്നു എന്നാൽ സാഹചര്യങ്ങൾ അനുകൂലമല്ലാത്ത ഒരു കാലത്ത് അവയെല്ലാം മുരടിച്ച്പോയി എന്ന് വേദനയോടെ ഊഹിക്കേണ്ടിയിരിക്കുന്നു,

ആദ്യകാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസവും നിഷേധിച്ചിരുന്നു. അൽപ്പമെങ്കിലും വിദ്യാഭ്യാസത്തിനു അവസരം ലഭിച്ചത് മേൽജാതിയിലെ സ്ത്രീകൾക്കാണു. വിദ്യയിലൂടെ വായനയിലൂടെ ഓരോരുത്തരിലുമുള്ള സർഗ്ഗ ഭാവനകൾ വികസിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. വിദ്യ അകക്കണ്ണു തുറപ്പിക്കുന്നു എന്നാണല്ലോ പറയുന്നത്,. നമ്മുടെ നാട്ടിലെ ജാതി വ്യവസ്ഥയുടെ തിക്ത ഫലങ്ങൾ അനുഭവിക്കേണ്ടി വന്ന കീഴാളരിൽ സ്ത്രീ എഴുത്തുകാർ ഇല്ലാതായത് അല്ലെങ്കിൽ കുറഞ്ഞത് അവർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം വിരളമായത്കൊണ്ടായിരിക്കും.. മലയാളത്തിലെ ആദ്യകാല വനിത എഴുത്തുകാരിൽ ഉയർന്ന ജാതിയിലുള്ളവരും ക്രുസ്ത്യൻ സ്ത്രീകളുമായിരുന്നു എന്ന് കാണാം. എഴുത്തുകാരി എന്ന പദവിക്ക് സ്ത്രീ അർഹതയല്ലെന്ന് പുരുഷമേധാവിത്വമുള്ള ഒരു സമൂഹം കർശ്നമായി ആജ്ഞാപിക്കുമ്പോൾ അതിനെ മറികടന്ന് മുന്നോട്ട് വരാൻ കുലീനകളായ സ്ത്രീകൾ തയ്യാറായില്ല. എന്നാൽ അവർക്ക് പിന്തുണയും,പ്രോസാൽഹനവും ലഭിച്ചപ്പോൾ അവർ എഴുതാൻ തുടങ്ങി. അന്തർജ്ജനമായി ജനിച്ചെങ്കിലും ഗാന്ധിയൻ ആദർശങ്ങൾ വച്ച് പുലർത്തുന്ന ഒരു കുടുംബത്തിലാണു ലളിതാംബിക അന്തർജ്ജനം ജനിച്ചത്. അവർക്ക് പിതാവിന്റേയും ഭർത്താവിന്റേയും പിന്തുണ ലഭിച്ചിരുന്നു എന്ന് അവർ എഴുതീട്ടുണ്ട്.

സ്ത്രീക്ക് ശരീരം മാത്രമല്ല ഒരു മനസ്സുമുണ്ടെന്ന് സമ്മതിക്കാൻ കൂട്ടാക്കാത്ത പുരുഷ മേൽക്കോയ്മ സ്ത്രീ

രചനയിലെ കഥാപാത്രങ്ങൾ എഴുത്തുകാരികൾ തന്നെയെന്ന് കൽപ്പിച്ച് എഴുത്തുകാരികളെ അവഹേളിച്ചു. മലയാളത്തിലെ പ്രശസ്ത എഴുത്തുകാരിയായിരുന്ന രാജലക്ഷ്മി ആത്മഹത്യ ചെയ്യാനുള്ള കാരണം അവരുടെ രചനകളെക്കുറിച്ചുള്ള പരാമർശം നേരിടാനുള്ള കരുത്തില്ലായിരുന്നത്കൊണ്ടായിരുന്നു. അതേസമയം വർഷങ്ങൾക്ക് ശേഷം മാധവിക്കുട്ടി "എന്റെ കഥ"യെന്ന ആത്മാശം ഉള്ള നോവൽ എഴുതിയപ്പോൾ പലതരം വ്യാഖാനങ്ങളും വ്യക്തിപരമായ ചെളിവാരിയെറിയലും ഉണ്ടായിട്ടും അവർ കുലുങ്ങിയില്ല. അതിനു കാരണം അവർക്ക് പിന്തുണ നൽകാനും നല്ലവരായ, സഹൃദയരായ എഴുത്തുകാരും വായനക്കാരുമുണ്ടായിരുന്നത്കൊണ്ടാണ്. സ്ത്രീ അവരുടെ ആദർശങ്ങളിലും അഭിപ്രായങ്ങളിലും ഉറച്ച് നിന്നെഴുതണമെങ്കിൽ പുരുഷന്മാരെ അപേക്ഷിച്ച് അവൾക്ക് സമൂഹത്തിന്റെ അംഗീകാരവും പിന്തുണയും ആവശ്യമാണെന്ന് കാണുന്നു.

സ്ത്രീയുടെ രചനകൾ പരിപൂർണ്ണവും, സാഹിത്യമൂല്യമടങ്ങിയതുമാകാൻ അവൾക്ക് ധൈര്യം ആർജിക്കേണ്ടതായിട്ടുണ്ട്. ഞാൻ മനസില്ലാക്കുന്നത് സ്ത്രീ രചന ഒരു തരം പോരാട്ടമാണെന്നാണ്.. അക്ഷരങ്ങളുടെ ലോകത്ത് അവയെ വേർതിരിച്ച് കാണുന്നത് പുരുഷമേധാവിത്വമായിരിക്കാം. അല്ലെങ്കിൽ സ്ത്രീകൾ തന്നെ സങ്കൽപ്പിക്കുന്ന ഒരു വലയത്തിൽ നിന്നും വിഭിന്യമായി ആരെങ്കിലും രചനകൾ നടത്തിയാൽ അവർക്ക് നേരേ സ്ത്രീ എഴുത്തുകാരും വായനക്കാരും തിരിയുന്ന പ്രവണതയുടെ പരിണത ഫലമായിരിക്കാം.. സ്ത്രീക്ക് പ്രക്രുതി നൽകിയ പരിമിതികൾ അവൾ എഴുത്തിലും കാണിക്കണമെന്ന പിടിവാശി യാതാസ്ഥിതികരായ കുറെപേർ ആവശ്യപ്പെടുന്നതും സ്ത്രീകളിലെ എഴുത്തുകാരെ നിരുത്സാഹപ്പെടുത്തുന്നു.

അമേരിക്കൻ മലയാളി എഴുത്തുകാർക്ക് സമയവും സൗകര്യവും എഴുതുന്നത് പ്രസിദ്ധീകരിക്കാനുള്ള വേദികളും, പുസ്തകമാക്കാനുള്ള സാമ്പത്തിക ഭദ്രതയുമുണ്ട്. ആദ്യകാല രചനകളിൽ നിന്നും ഇപ്പോൾ അവരുടെ രചനകളിലും മാറ്റങ്ങൾ കാണുന്നത് പ്രശംസനീയമാണ്. എന്നാൽ മുൻ വിധികളോടെ രചനകളെ സമീപിക്കുന്ന ഒരു വ്യഗ്രത വായനക്കാരിലുള്ളത് ഇപ്പോഴും മാറിയിട്ടില്ല. കാലം സാഹിത്യരചനകളിൽ പ്രകടമാകുന്ന ഒരു വിശേഷമാണു. ഓരോ കാലഘട്ടത്തിന്റെ സ്വാധീനം സാഹിത്യരചനകളിൽ ഉണ്ടാകും. അത് എഴുത്തുകാരനായാലും എഴുത്തുകാരിയായാലും വ്യത്യാസമില്ല എന്നാൽ സ്ത്രീ എഴുത്തുകാർ സമൂഹത്തിലെ മാറ്റങ്ങൾ മനസില്ലാക്കുമ്പോഴും അവരുടെ എഴുത്തിൽ ഒരു അകലം സൂക്ഷിക്കുന്നതായി കാണാം. മാധവിക്കുട്ടിയെപോലുള്ള എഴുത്തുകാർ ആ അകലം അല്ലെങ്കിൽ "തോട്" പൊട്ടിച്ച് പുറത്ത് വന്നു. ധാരാളം വിമർശനങ്ങൾക്ക് വിധേയയായിട്ടും അവർ പതറിയില്ല. അതിൽ നിന്നും മനസ്സിലാക്കാവുന്നത് സർഗ്ഗ പ്രതിഭയുണ്ടെങ്കിൽ ഏത് പ്രതികൂല സാഹചര്യത്തേയും നേരിടാം. അതേസമയം എഴുതാനുള്ള സ്വാതന്ത്ര്യമുണ്ടാകണം. ഒരു പരിധി വരെയെങ്കിലും വായനകാരുടേയും സഹൃദയരുടേയും പിന്തുണയും വേണം. സ്ത്രീകൾക്ക് എഴുത്തിൽ ലക്ഷ്മണരേഖ വരച്ച് വക്കുന്നത് ശരിയല്ല. പണ്ട് കാലത്ത് സ്ത്രീകൾക്ക് സ്വാതന്ത്ര്യം കുറവായിരുന്നു, തന്മൂലം എഴുത്തുകാരികളുടെ എണ്ണം കുറഞ്ഞു.

പെണ്ണെഴുത്ത് എന്ന വിവേചനം ശരിയല്ലെന്നാണു എന്റെ അഭിപ്രായം. സാഹിത്യ്രചനകളുടെ മേന്മയാണു പ്രധാനം. പുരുഷൻ എഴുതുന്നതെല്ലാം ശ്രേഷ്ടവും സ്ത്രീ എഴുതുന്നതെല്ലാം തുച്ഛവുമാകുന്നില്ല. സ്ത്രീപുരുഷസമത്വം നിയമപരമായി അനുവദിക്കപ്പേട്ടിട്ടുള്ള ഇക്കാലത്ത് സ്ത്രീകളിൽ നിന്നും നല്ല നല്ല രചനകൾ ഉണ്ടാകുന്നുണ്ട്. അത് അനസ്യൂതം തുടരുമെന്ന് തന്നെ പ്രതീക്ഷിക്കാം.

******************************